# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2081 — 6.10.2016-ൽ മറുപടിയ്ക്ക്

## ടോൾ പിരിവ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി** |
| (എ) സംസ്ഥാനത്ത് നിലവിൽ ടോൾ പിരിവ് നടത്തുന്ന റോഡുകളുടേയും പാലങ്ങളുടേയും ജില്ല തിരിച്ചുള്ള വിശദ വിവരം നൽകുമോ;<br><br>(ബി) ഇവ ഓരോന്നിന്റേയും ടോൾ പിരിവ് കാലാവധി എന്നുവരെ എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ കാസറഗോഡ് ജില്ലയിൽ എൻ.എച്ച് 17-ൽ പടന്നക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിൽ നിലവിൽ ടോൾ പിരിവ് നടത്തുന്നുണ്ട്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ടോൾ പോളിസി അനുസരിച്ച് പടന്നക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിന് നിരന്തര ടോളാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഇപ്പോൾ 100 കോടി രൂപയ്ക്ക് താഴെ ചിലവ് വന്നിട്ടുള്ള പദ്ധതികൾക്ക് ടോൾ പിരിവ് ഒഴിവാക്കി ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇതനുസരിച്ച് പടന്നക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിൽ ടോൾ നിർത്തലാക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. നോട്ടിഫിക്കേഷൻ വരുന്ന മുറയ്ക്ക് ടോൾ പിരിവ് നിർത്തുന്നതാണ്. റോഡുകളും പാലങ്ങളും വിഭാഗവും, ആർ.ബി.ഡി.സി.കെ-യും ടോൾ പിരിവ് നടത്തുന്ന പാലങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) കാലാവധി കഴിഞ്ഞിട്ടും പല സ്ഥലങ്ങളിലും ടോൾ പിരിവ് തുടരുന്ന എന്ന കാര്യം സർക്കാർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതവസാനിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | കാലാവധി കഴിഞ്ഞിട്ടും ടോൾ പിരിവ് തുടരുന്ന പാലങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും).

| ക്രമ നമ്പർ | പാലത്തിന്റെ പേര് | ജില്ല | ടോൾപിരിവ് തുടങ്ങിയ തീയതി | ടോൾപിരിവ് പൂർത്തിയാകുന്ന തീയതി |
|---|---|---|---|---|
| 1 | തുരുത്തിപ്പുറം- കോട്ടപ്പുറം | എറണാകുളം | 01/04/2013 | 31/03/2033 |
| 2 | ശ്രീമൂല നഗരം | എറണാകുളം | 01/04/2013 | 31/03/2033 |
| 3 | അരൂർ-അരുക്കുറ്റി | ആലപ്പുഴ | 01/08/2002 | 31/07/2022 |
| 4 | കൃഷ്ണൻകോട്ട | തൃശ്ശൂർ | 09/03/2009 | 08/03/2029 |
| 5 | പൂവത്തുംകടവ് | തൃശ്ശൂർ | 04/07/2003 | 03/07/2023 |
| 6 | ന്യൂകൊച്ചിൻ (ചെറുതുരുത്തി) | തൃശ്ശൂർ | 27/01/2003 | 26/01/2023 |
| 7 | പുളിക്കാക്കടവ് | തൃശ്ശൂർ | 05/07/2003 | 04/07/2023 |
| 8 | മുറിഞ്ഞപുഴ | കോട്ടയം | 15/01/2011 | 14/01/2031 |
| 9 | മായന്നൂർ | പാലക്കാട് | 03/03/2012 | 02/03/2032 |
| 10 | മണ്ണൂർക്കടവ് | കണ്ണൂർ | 10/01/2015 | 09/01/2035 |
| 11 | മട്ടൂൾമടക്കര | കണ്ണൂർ | 15/10/2014 | 14/10/2034 |
| 12 | കടലുണ്ടിക്കടവ് | മലപ്പുറം | 10/10/2008 | 09/10/2028 |
| 13 | നെടുംകല്ല് | കാസറഗോഡ് | 01/12/2015 | 30/11/2035 |
| 14 | വെള്ളാപ്പ് | കാസറഗോഡ് | 10/06/2014 | 09/06/2034 |

സെക്ഷൻ ഓഫീസർ

# റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള

| ക്രമ നമ്പർ | ജില്ലയുടെ പേര് | പാലത്തിന്റെ പേര് | ടോൾ പിരിവ് കാലാവധി |
|---|---|---|---|
| 1. | കാസർഗോഡ് | ബേക്കൽ | 29.01.2021 |
| 2. | കാസർഗോഡ് | ചെറുവത്തൂർ | 03.08.2029 |
| 3. | കണ്ണൂർ | മുഴുപ്പിലങ്ങാട് | 29.01.2021 |
| 4. | കണ്ണൂർ | പയ്യന്നൂർ | 29.04.2028 |
| 5. | കോഴിക്കോട് | നന്തി | 11.04.2020 |
| 6. | കോഴിക്കോട് | കൊയിലാണ്ടി | 19.03.2028 |
| 7. | മലപ്പുറം | പുലാമന്തോൾ | 07.12.2019 |
| 8. | മലപ്പുറം | പരപ്പനങ്ങാടി | 21.04.2028 |
| 9. | മലപ്പുറം | ദേവദാർ | 21.04.2028 |
| 10. | മലപ്പുറം | തിരുനാവായ | 21.04.2028 |
| 11. | പാലക്കാട് | വിക്ടോറിയ കോളേജ് | 09.12.2023 |
| 12. | പാലക്കാട് | കടുക്കാംകുന്ന് | 07.12.2019 |
| 13 | പാലക്കാട് | സുൽത്താൻപേട്ട് | 09.12.2023 |
| 14. | തൃശ്ശൂർ | മുളങ്കുന്നത്തുകാവ് | 22.12.2028 |
| 15. | എറണാകുളം | എസ്.എൻ.ജംഗ്ഷൻ, തൃപ്പൂണിത്തുറ, ഇരുമ്പനം, എയർപോർട്ട് സീപോർട്ട് റോഡ് | 16.12.2019 |
| 16. | എറണാകുളം | പുല്ലേപ്പടി | 16.12.2019 |
| 17 | എറണാകുളം | പുളിയനം | 04.08.2029 |

സെക്ഷൻ ഓഫീസർ